**"ഭരണഭാഷ- മാതൃഭാഷ"**

**150 YEARS OF CELEBRATING THE MAHATMA**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് 2020 ജനുവരി 25-ന് സംഘടിപ്പിച്ച ക്ലീൻ അപ് ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ സംസ്ഥാന / ദേശീയ പാതയോരങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യം നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ആവശ്യമായ തുക തൃശ്ശൂർ ജില്ലയിലെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.280/2020/LSGD തീയതി,തിരുവനന്തപുരം, 03/02/2020**

---

പരാമർശം:- തൃശ്ശൂർ ജില്ലാ കളക്ടറുടെ കത്ത് 20.01.2020-ലെ DCTSR/778/2020-C4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് 2020 ജനുവരി 25-ന് നടത്താൻ തീരുമാനിച്ചിട്ടുള്ള ക്ലീൻ അപ്പ് ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ സംസ്ഥാന / ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടെത്തുകയും പ്രസ്തുത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇടുക്കിയിൽ പ്രവർത്തിക്കുന്ന എക്സ് സർവീസ് മെൻ സൊസൈറ്റിയുമായും കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷനുമായും ചർച്ച നടത്തുകയും അവർ താഴെപ്പറയും കൊട്ടേഷൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു

<u>എക്സ് സർവീസ് മെൻ സൊസൈറ്റി</u>

1 ടണ്ണിന് (തരം തിരിക്കാതെ) 7500/- രൂപ

325 ടണ്ണിന് 24,37,500/-രൂപ ( 325/7500)

<u>കേരള സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷൻ</u>

1 ടണ്ണിന് 8000/- രൂപ

325 ടണ്ണിന് 26,00,000/- രൂപ (325/8000)

2. തൃശ്ശൂർ ജില്ലയിലെ സംസ്ഥാന / ദേശീയ പാതയോരങ്ങളിൽ ഏകദേശം 325 ടണ്ണോളം മാലിന്യ നിക്ഷേപം ഉണ്ടാവുമെന്നും മാലിന്യം ശേഖരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാണെന്നും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നടപടി സ്വീകരിച്ചിട്ടുള്ളതെന്നും മേൽ സാഹചര്യത്തിൽ ക്ലീൻ അപ് ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ സംസ്ഥാന / ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപം നീക്കം ചെയ്യുന്നതിനും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫുകളിൽ ശേഖരിച്ചിട്ടുള്ള പ്ലാസ്റ്റിക് ഇതോടൊപ്പം കൈമാറുന്നതിനും ആവശ്യമായ

തുക തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫുകളിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ള പ്ലാസ്റ്റിക്, ആർ.ആർ.എഫ്-കളിൽ എത്തിച്ച് ഷ്രഡ് ചെയ്ത് ക്ലീൻ കേരള കമ്പനി മുഖേന റോഡ് ടാറിംഗിനായി കൈമാറുന്നതിന് നിലവിൽ ക്രമീകരണം ഉണ്ട്. അതിനാൽ റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് 2020 ജനുവരി 25-ലെ ക്ലീൻ അപ് ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ സംസ്ഥാന / ദേശീയ പാതയോരങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യം നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ആവശ്യമായ തുക തൃശ്ശൂർ ജില്ലയിലെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന്, നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ജില്ലാ കളക്ടർ, തൃശ്ശൂർ
നഗര കാര്യ ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
തൃശ്ശൂർ ജില്ലയിലെ നഗരസഭകൾക്ക് ( നഗരകാര്യ ഡയക്ടർ മുഖേന)
തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.02.03 15:51:03 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്